**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 118** **22-07-2021 - ൽ മറുപടിയ്ക്ക്**

**ഡീസൽ-പെട്രോൾ നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2014-ൽ നരേന്ദ്ര മോദി സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം പെട്രോളിന്മേലും ഡീസലിന്മേലും സംസ്ഥാനത്ത് അധികമായി ചുമത്തപ്പെട്ട നികുതികളും സർചാർജ്ജും സെസ്സും എത്ര വീതമെന്ന് അറിയിക്കാമോ; | (എ) | 2014-ൽ നരേന്ദ്ര മോദി സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം പെട്രോളിന്മേലും ഡീസലിന്മേലും സംസ്ഥാനത്ത് അധികമായി നികുതികളും സർചാർജ്ജും സെസ്സും ചുമത്തിയിട്ടില്ല. |
| (ബി) | നിലവിൽ കേന്ദ്രസർക്കാർ ഈയിനത്തിൽ ഓരോ ലിറ്റർ ഇന്ധനത്തിന്മേലും ഈടാക്കുന്നത് എത്ര വീതമെന്ന് അറിയിക്കാമോ; | (ബി) | നിലവിൽ കേന്ദ്രസർക്കാർ പെട്രോളിനും ഡീസലിനും ചുമത്തുന്ന നികുതിയിനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇപ്രകാരം ചുമത്തുന്ന നികുതികളിൽ എത്ര വീതം കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നുണ്ട്; | (സി) | കേന്ദ്രം ചുമത്തുന്ന തീരുവകളിൽ അടിസ്ഥാന എക്സൈസ് തീരുവ മാത്രമേ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നുള്ളൂ. |
| (ഡി) | പെട്രോൾ-ഡീസലിന്മേൽ നിലവിലുള്ള നികുതിക്കു പകരം ജി.എസ്.ടി. ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാർ ജി.എസ്.ടി കൗൺസിലിൽ നിർദ്ദേശിച്ചിരുന്നോ; | (ഡി) | പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി.യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരളാ പൊതുവിൽപന നികുതി നിയമം 1963 അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽ പോലും സംസ്ഥാനത്തിന് SGST |

| | | | |
|---|---|---|---|
| | | | വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. ഉചിതമായ നഷ്ടപരിഹാരം ലഭിക്കുകയാണെങ്കിൽ മാത്രമെ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്ന ചർച്ചകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നാണ് സർക്കാരിന്റെ നിലപാട്. |
| (ഇ) | സംസ്ഥാനങ്ങൾക്കു നിലവിൽ ലഭിക്കുന്ന നികുതിയിൽ കുറവു വരുന്നതു നികത്തിത്തരാൻ കേന്ദ്രസർക്കാർ സന്നദ്ധത അറിയിച്ചിട്ടുണ്ടോ? | (ഇ) | പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി.യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരളാ പൊതുവിൽപന നികുതി നിയമം 1963 അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചിയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽ പോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. ഉചിതമായ നഷ്ടപരിഹാരം ലഭിക്കുകയാണെങ്കിൽ മാത്രമെ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്ന ചർച്ചകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നാണ് സർക്കാരിന്റെ നിലപാട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**പെട്രോൾ**

| Sl. No. | Particulars | Unit | Unbranded MS manufactured on or after 02-02-2021 (Rs.) |
|---|---|---|---|
| 1 | Basic Excise Duty | Per litre | 1.40 |
| 2 | Road infrastructure cess | Per litre | 18.00 |
| 3 | Special Additional Excise Duty | Per litre | 11.00 |
| 4 | Agriculture & Infrastructure development cess | Per litre | 2.50 |
| | | **Total** | **32.90** |

**ഡീസൽ**

| Sl. No. | Particulars | Unit | Unbranded HSD manufactured on or after 02-02-2021 (Rs.) |
|---|---|---|---|
| 1 | Basic Excise Duty | Per litre | 1.80 |
| 2 | Road infrastructure cess | Per litre | 18.00 |
| 3 | Special Additional Excise Duty | Per litre | 8.00 |
| 4 | Agriculture & Infrastructure development cess | Per litre | 4.00 |
| | | **Total** | **31.80** |

**സെക്ഷൻ ഓഫീസർ**